**തദ്ദേശ സ്വയംഭരണ പ്ലാനിംഗ് മേഖലാ കാര്യാലയം, തിരുവനന്തപുരം**
**നഗരാസൂത്രകയുടെ നടപടിക്രമങ്ങൾ**

വിഷയം:- പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ഗ്രൂപ്പ്.ഐ - Hazardous ഒക്യൂപൻസിയിൽ ഉൾപ്പെടുന്ന കെട്ടിടം നിർമ്മിക്കുന്നതിനുള്ള ലേഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.09.2020 ലെ ബി 1/ 4733/2020 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ TCPTVM/724/2020-D തീയതി 25/09/2020</u>**

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ പള്ളിച്ചൽ വില്ലേജിൽ സർവ്വേ നമ്പർ 276/47-5, 276/25-2 ൽ ഉൾപ്പെടുന്ന 19.56 Are സ്ഥലത്തു നിലവിലുള്ള 115.00 sq.m വിസ്തീർണ്ണമുള്ള വാസഗൃഹം, 158.00 sq.m വിസ്തീർണ്ണമുള്ള carpenter shed എന്നിവയും പുതതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഗ്രൂപ്പ് I - Hazardous ഒക്യൂപൻസിയിൽ ഉൾപ്പെടുന്ന 48.00 sq.m വിസ്തീർണ്ണമുള്ള saw mill, 26.10 sq.m വിസ്തീർണ്ണമുള്ള ഓഫീസ് കെട്ടിടം എന്നിവയും ഉൾപ്പടെ ആകെ 347.10 sq.m വിസ്തൃതിയിലുള്ള നിർമ്മാണങ്ങൾക്കു ലേഔട്ട് അംഗീകാരത്തിനായി ശ്രീ. സനൽ രാജ് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR.2019 ചട്ടം 30 പ്രകാരം താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി ലേഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമ്മാണം KPBR.2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം .
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ് .
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം . പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം/മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാക്കരുത്.
8. നിർമ്മാണം KPBR.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന

സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.

9. Pollution control board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
10. KPBR.2019 ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ് .
11. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
12. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ / സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിയ്ക്കരുത്.
13. KPBR.2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
14. സൈറ്റ് പ്ലാനിൽ പൊളിച്ച് നീക്കുവാനെന്ന് കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**ലേഔട്ട് അംഗീകാരം രേഖപ്പെടുത്തിയ പ്ലാനുകൾ 20/2020 (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

സെക്രട്ടറി,
പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

പകർപ്പ് : (അറിവിലേയ്ക്കായി)

1) Sri.Sanal Raj
Thadatharikathu
kavadimoola
Naruvamoodu P O

2)കരുതൽ ഫയൽ